# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2671 19.12.2012 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്ന പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സാങ്കേതികവും ഭരണപരവുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സാങ്കേതികവും ഭരണപരവുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി എല്ലാ വർഷവും വാട്ടർ അതോറിറ്റിയുടെ പരിശീലന കേന്ദ്രത്തിലും റീജിയണൽ ഓഫീസുകൾ കേന്ദ്രീകരിച്ചും വിവിധ രീതിയിലുള്ള പരിശീലന കോഴ്സുകൾ നടത്തി വരുന്നു. ഇതു കൂടാതെ കേന്ദ്രസഹായത്തോടു കൂടിയുള്ള കോഴ്സുകളും മറ്റു സംസ്ഥാനങ്ങളിലെ വിവിധ ട്രെയിനിംഗ് സെന്ററുകൾ നടത്തി വരുന്ന കോഴ്സുകളും, വിവിധതരത്തിലുള്ള സെമിനാറുകളും, വർക്ക്ഷോപ്പു കളും അപ്പപ്പോഴുള്ള അറിയിപ്പുകൾ പ്രകാരം ജീവനക്കാർക്ക് നൽകി വരുന്നു. ഈ വർഷം നല്കുന്ന വിവിധതരം കോഴ്സുകളുടെ പട്ടിക ഇതിനോടൊപ്പം അനുബന്ധം (1) ആയി സമർപ്പിക്കുന്നു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ (CPHEEO) സ്പോൺസർഷിപ്പു പ്രകാരം അതോറിറ്റിയിലെ എഞ്ചിനീയർമാർക്ക് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിലും എൻവയോൺമെന്റൽ എൻജിനീയറിംഗിലും ബിരുദാനന്തര പഠനത്തിനും അയക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ തിരുവനന്തപുരം, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അതോറിറ്റി ജീവനക്കാർക്കായി 5 എം.ടെക് സീറ്റുകൾ ലഭ്യമാണ്. |
| (ബി) ഇതിനായി ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി 1992 മുതൽ പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുള്ളതും തുടർന്ന് പരിശീലന കേന്ദ്രത്തിൽ ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നതുമാകുന്നു. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി നടപ്പാക്കുന്ന തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി വെളയമ്പലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ പരിശീലന കേന്ദ്രം "സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ" 2012 നവംബർ മാസം 7-ാം തീയതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇപ്പോൾ ടി കേന്ദ്രത്തിൽ വച്ചാണ് ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം പരിശീലന ങ്ങളാണ് ജീവനക്കാർക്ക് നൽകുന്നത്; | (സി) | വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സാങ്കേതികവും ഭരണപരവുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി എല്ലാ വർഷവും വാട്ടർ അതോറിറ്റിയുടെ പരിശീലന കേന്ദ്രത്തിലും റീജിയണൽ ഓഫീസുകൾ കേന്ദ്രീകരിച്ചും വിവിധ രീതിയിലുളള പരിശീലന കോഴ്സുകൾ നടത്തി വരുന്നു. ഇതു കൂടാതെ കേന്ദ്രസഹായത്തോടു കൂടിയുളള കോഴ്സുകളും മറ്റു സംസ്ഥാനങ്ങളിലെ വിവിധ ട്രെയിനിംഗ് സെന്ററുകൾ നടത്തി വരുന്ന കോഴ്സുകളും, വിവിധതരത്തിലുളള സെമിനാറുകളും, വർക്ക്ഷോപ്പു കളും അപ്പപ്പോഴുളള അറിയിപ്പുകൾ പ്രകാരം ജീവനക്കാർക്ക് നൽകി വരുന്നു. ഈ വർഷം നല്കുന്ന വിവിധതരം കോഴ്സുകളുടെ പട്ടിക ഇതിനോടൊപ്പം അനുബന്ധം (1) ആയി സമർപ്പിക്കുന്നു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ (CPHEEO) സ്പോൺസർഷിപ്പു പ്രകാരം അതോറിറ്റിയിലെ എഞ്ചിനീയർമാർക്ക് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിലും എൻവയോൺമെന്റൽ എൻജിനീയറിംഗിലും ബിരുദാനന്തര പഠനത്തിനും അയക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ തിരുവനന്തപുരം, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അതോറിറ്റി ജീവനക്കാർക്കായി 5 എം.ടെക് സീറ്റുകൾ ലഭ്യമാണ്. |
| (ഡി) | എന്തെല്ലാം സൗകര്യങ്ങളാണ് ട്രെയിനിംഗ് സെന്ററിൽ ഒരുക്കിയിട്ടുള്ളത്? | (ഡി) | ജിക്ക സഹായത്തോടു കൂടിയ ട്രെയിനിംഗ് സെന്ററിൽ താഴെ പറയുന്ന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുളളത്.<br>• ആധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് ലക്ചർ ഹാളുകൾ<br>• കമ്പ്യൂട്ടർ പരിശീലന കേന്ദ്രം<br>• ലൈബ്രറി<br>• കോൺഫറൻസ് ഹാൾ<br>• ഡിസ്ക്കഷൻ റൂം<br>• ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്ക്ഷോപ്പുകൾ<br>• ഓഫീസ്<br>• ട്രെയിനിംഗിന് വരുന്ന ജീവനക്കാർക്ക് താമസിക്കുവാനുളള ഹോസ്റ്റൽ എന്നിവയാണ് പുതിയ പരിശീലന കേന്ദ്രത്തിൽ സൗകര്യപ്പെടുത്തിയിട്ടുളളത്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ